(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 2003-04 വർഷത്തേക്ക് കമ്മീഷൻ തിട്ടപ്പെടുത്തിയ ബോർഡിന്റെ വരുമാന കമ്മി നികത്തുന്നതിന് ആവശ്യമായ റവന്യൂ സബ്സിഡി ബോർഡിന് നൽകണമെന്ന ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 556.46 കോടി രൂപയുടെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2004-05 വർഷത്തേക്കും 2005-06 വർഷത്തേക്കും ഉള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

രാജീവ് ഗാന്ധി വൈദ്യുതീകരൺ യോജന

33 [344] *ശ്രീ. കളത്തിൽ അബ്ദുള്ള :*

„ *യു. സി. രാമൻ :*

„ *പി. കെ. അബ്ദുറബ്ബ് :*

„ *സി. മോയിൻകുട്ടി :*

„ *കെ. എൻ. എ. ഖാദർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി വൈദ്യുതീകരൺ യോജന ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) കേരളത്തിൽ 14 ജില്ലകളിലും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2007 - ആണ്ടോടെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി കേരളത്തിലെ 14 ജില്ലകളിലുള്ള 930 റവന്യൂ വില്ലേജുകളിലായി 3578 കരകൾ വൈദ്യുതീകരിക്കുന്നതിലേക്ക് താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

1. 9096 കി.മീ. 11 കെ. വി. ലൈൻ നിർമ്മിക്കൽ.
2. 3955 കി.മീ. എൽ.റ്റി. ലൈൻ നിർമ്മിക്കൽ.
3. 9298 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2,08,735 ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.

5. 25 സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക.

2005-2007 കാലയളവിലാണ് ഈ പദ്ധതി പൂർത്തീകരിക്കുവാൻ വിഭാവന ചെയ്തിരിക്കുന്നത്.

വൈദ്യുതി ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ്

33 [345] *ശ്രീ. ടി. എൻ. പ്രതാപൻ :*

„ *എ. കെ. മണി :*

„ *ബി. വിജയകുമാർ :*

„ *എം. മുരളി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷത്തിൽ വൈദ്യുതി ബോർഡിലെ റവന്യൂ ഡെഫിസിറ്റ് എത്രയായിരുന്നു;

(ബി) മുൻ മന്ത്രിസഭയുടെ കാലത്ത് ഇത് എത്രയാക്കി ചുരുക്കുവാൻ കഴിഞ്ഞു; ഇപ്പോൾ വൈദ്യുതി ബോർഡിലെ റവന്യൂ ഡെഫിസിറ്റ് എത്രയാണ്?

ഉത്തരം

(എ) ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2000-2001 സാമ്പത്തിക വർഷാവസാനം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1286.05 കോടി രൂപ ആയിരുന്നു.

(ബി) 2001-02 സാമ്പത്തിക വർഷാവസാനം ആഡിറ്റു ചെയ്ത കണക്കുകൾ പ്രകാരം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1316.43 കോടി രൂപ ആയിരുന്നു. 2002-03-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം റവന്യൂ ഡെഫിസിറ്റ് 1015.57 കോടി രൂപയായി കുറഞ്ഞു.

2003-04-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1007.43 കോടി രൂപയായി വീണ്ടും കുറഞ്ഞു.

സംസ്ഥാന റഗുലേറ്ററി കമ്മീഷന്റെ കണക്ക് പ്രകാരം 2004-05 വർഷം റവന്യൂ ഡെഫിസിറ്റ് 296 കോടി രൂപയാണ്. ബോർഡിന്റെ പ്രൊവിഷണൽ കണക്കുപ്രകാരം ടി വർഷം ഈ ഇനത്തിൽ ഉദ്ദേശം 350 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly